CONFIDENCE PROJECT

Ver. Mar.31/23

# നിങ്ങൾ ഗർഭിണിയോ ഗർഭിണിയാകാൻ പദ്ധതിയിടുകയോ അല്ലെങ്കിൽ അടുത്തിടെ ഒരു കുഞ്ഞിന് ജന്മം നല്കുകയോ ചെയ്തിട്ടുണ്ടോ?

**ഗർഭിണിയായിരിക്കുമ്പോഴോ മുലയൂട്ടുമ്പോഴോ ഒരു കോവിഡ്-19 വാക്സിൻ എടുക്കുന്നത് ബുദ്ധിമുട്ടുള്ള തീരുമാനമാകാം, കാരണം ദീർഘകാല സുരക്ഷ സംബന്ധിച്ച ഡാറ്റ ഇനിയും ലഭ്യമായിട്ടില്ല എന്നതു തന്നെ.**

**നിങ്ങൾക്ക് യോജിച്ച ഒരു തീരുമാനം എടുക്കാൻ ഈ ഇൻഫോഗ്രാഫിക് സഹായിക്കുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു.**

വാക്സിൻ എടുക്കാത്ത ഗർഭിണികളായ സ്ത്രീകളും/ആളുകളും കോവിഡ്-19 ബാധിക്കുന്ന അവരുടെ കുഞ്ഞുങ്ങളും ഗുരുതരമായ രോഗത്തിന്റെയോ മരണത്തിന്റെയോ ഉയർന്ന അപകടസാധ്യതയിലാണെന്ന് നമുക്കറിയാം.

കോവിഡ്-19 വാക്സിൻ ഒരു പക്ഷേ വൈറസ് ബാധയില് നിന്ന് നിങ്ങളെ പ്രതിരോധിച്ചേക്കില്ലെങ്കിലും, ഗർഭം അലസൽ, ചാപിള്ള പ്രസവിക്കല്, അകാല പ്രസവം എന്നിവയ്ക്കുള്ള സാധ്യതയും നിങ്ങളുടെ കുഞ്ഞിനെ തീവ്ര പരിചരണ വിഭാഗത്തിൽ (NICU) പ്രവേശിപ്പിക്കാനുള്ള സാധ്യതയും കുറച്ചേക്കാം. നിങ്ങള്ക്ക് ന്യുമോണിയ ബാധിക്കാനുള്ള സാധ്യതയും ആശുപത്രിയിൽ പ്രവേശിപ്പിക്കേണ്ടതിന്റെ ആവശ്യകതയും ശ്വസിക്കുന്നതിന് യന്ത്ര സഹായം വേണ്ടി വരലും അല്ലെങ്കിൽ മരണം സംഭവിക്കുന്നതും ഈ വാക്സിൻ കുറയ്ക്കുകയും ചെയ്യാം.

ഗർഭ കാലത്ത് കോവിഡ്-19 വാക്സിൻ എടുക്കുമ്പോൾ, കോവിഡ്-19 ബാധിക്കുന്നതിൽ നിന്ന് നിങ്ങളുടെ കുഞ്ഞിനെ സംരക്ഷിക്കാന് നിങ്ങളുടെ ശരീരം ആന്റിബോഡികള് സൃഷ്ടിക്കും.

ഗര്ഭധാരണത്തിന് മുമ്പും ഗര്ഭകാലത്തും പ്രസവ ശേഷവും ഏത് ഘട്ടത്തിലും വാക്സിൻ സ്വീകരിക്കുന്നത് സുരക്ഷിതമാണ്. കാനഡയിൽ നിന്നുള്ള 100,000-ൽ അധികം ഗഭിണികളിൽ നിന്നും ലോകമെമ്പാടുമുള്ള മറ്റ് ആയിരക്കണക്കിന് പേരിൽ നിന്നും ശേഖരിച്ച തെളിവിനെ അടിസ്ഥാനമാക്കിയുള്ളതാണ് ഈ ശുപാർശ.

ഗർഭധാരണത്തിന് പദ്ധതിയുള്ളപ്പോഴും ഗർഭിണിയായിരിക്കുമ്പോഴും അല്ലെങ്കിൽ മുലയൂട്ടുമ്പോഴും വാക്സിൻ എടുക്കുന്നത് ആരോഗ്യ പ്രൊഫഷണൽ ഗ്രൂപ്പുകൾ* ശക്തമായി ശുപാർശ ചെയ്യുന്നു. നിങ്ങൾക്കും കുഞ്ഞിനും ഉണ്ടാകാനിടയുള്ള അപകടസാധ്യതകളേക്കാൾ കൂടുതലാണ് നേട്ടങ്ങൾ.

* Society of Obstetricians & Gynaecologists of Canada (SOGC), Public Health Agency of Canada (PHAC), College of Family Physicians of Canada (CFPC), Canadian Association of Midwives (CAM), National Advisory Committee on Immunization (NACI)

McMaster University | Obstetrics & Gynecology

health nexus santé

*Financial contribution from*
*Avec le financement de*

Public Health Agency of Canada | Agence de la santé publique du Canada

CONFIDENCE PROJECT

## കോവിഡ്-19 വാക്സിൻ എനിക്ക് സുരക്ഷിതമാണോ?

വാക്സിന്റെ പാർശ്വഫലങ്ങളിൽ കുത്തിവയ്ക്കുന്ന സ്ഥലത്ത് വേദന, നീർവീക്കം, അല്ലെങ്കിൽ ചുവക്കൽ, പനി, ക്ഷീണം, തലവേദന, പേശി വേദന, ഛർദ്ദി/വയറിളക്കം, സന്ധി വേദനകൾ എന്നിവ ഉൾപ്പെടുന്നു. ഈ രോഗലക്ഷണങ്ങൾ ഉണ്ടാകാനുള്ള സാധ്യതയും അവയുടെ തീവ്രതയും ഗർഭിണികളിലും ഗർഭിണികളല്ലാത്ത സ്ത്രീകളിലും/ആളുകളിലും സമാനമാണ്.

ഗർഭ കാലയളവില് വാക്സിൻ എടുക്കുന്നത് ഗർഭം അലസുന്നതിന്റെയോ അംഗപരിമിതികളോടെ കുഞ്ഞ് ജനിക്കുന്നതിന്റെയോ നിങ്ങളുടെ ഗർഭത്തിനോ കുഞ്ഞിനോ ഉള്ള മറ്റേതെങ്കിലും അപകടസാധ്യതകളോ വർദ്ധിപ്പിക്കില്ല.

ഗുരുതരമായ അല്ലെങ്കിൽ ജീവന് ഭീഷണിയായേക്കാവുന്ന അലർജിക് പ്രതിപ്രവർത്തനങ്ങൾ, മയോകാർഡൈറ്റിസും പെരികാർഡൈറ്റിസും (ഹൃദയ പേശികളില് അല്ലെങ്കിൽ ഹൃദയത്തിന് ചുറ്റുമുള്ള പാളികളില് വീക്കം), രക്തം കട്ടപിടിക്കലുകൾ, പേശിയുടെ ദുർബലത, പരാലിസിസ് എന്നിവ പോലുള്ള ഗുരുതരമായ സങ്കീർണ്ണതകൾ വളരെ അപൂർവമാണ്.

## ഞാൻ വാക്സിൻ സ്വീകരിച്ചിട്ടുണ്ടെങ്കിൽ എന്റെ കുഞ്ഞിനെ മുലയൂട്ടുന്നത് സുരക്ഷിതമാണോ?

കോവിഡ്-19 വാക്സിൻ എടുത്ത ശേഷം നിങ്ങൾക്ക് സുരക്ഷിതമായി മുലയൂട്ടാവുന്നതാണ്. ഗർഭാവസ്ഥയിലോ അതിനുശേഷമോ വാക്സിൻ സ്വീകരിച്ചവരുടെ മുലപ്പാലിൽ നടത്തിയ പഠനങ്ങൾ കാണിക്കുന്നത് നേരിയ തോതില് മാത്രമേ വാക്സിൻ (ഏതെങ്കിലും എടുത്തിട്ടുണ്ടെങ്കിൽ) മുലപ്പാലിൽ കലരുന്നുള്ളൂ എന്നാണ്.

## വാക്സിൻ എന്റെ ആർത്തവ ചക്രങ്ങളെയോ കുഞ്ഞിന് ജന്മം നൽകാനുള്ള കഴിവിനെയോ ബാധിക്കുമോ?

കോവിഡ്-19 വാക്സിനുകൾ ആർത്തവ കാലയളവുകൾക്ക് ഇടയിലുള്ള സമയം ഒന്നോ രണ്ടോ ദിവസം കൂട്ടുകയും രക്തസ്രാവത്തിന്റെ പാറ്റേൺ ചെറുതായി മാറ്റുകയും ചെയ്യാം. എന്നിരുന്നാലും, ഈ മാറ്റങ്ങൾ വാക്സിനേഷനെ തുടർന്നുള്ള ഏതാനും മാസങ്ങൾ മാത്രമേ ഉണ്ടായിരിക്കുകയുള്ളൂ. വാക്സിൻ വന്ധ്യതയ്ക്ക് ഇടയാക്കുമെന്നതിനോ ഗർഭിണിയാകാനുള്ള നിങ്ങളുടെ സാധ്യത കുറയ്ക്കുമെന്നതിനോ യാതൊരു തെളിവുമില്ല.

McMaster University | Obstetrics & Gynecology

health nexus santé

*Financial contribution from*
*Avec le financement de*

Public Health Agency of Canada | Agence de la santé publique du Canada